## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5640** **02.07.2019-ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമവുമായി ബന്ധപ്പെട്ട് സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ അർഹരായവർക്ക് യഥാസമയം ലഭ്യമാകുന്നില്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നൽകുന്ന ആനുകൂല്യങ്ങൾ അർഹരായ വിദ്യാർത്ഥികൾക്ക് യഥാസമയം തന്നെ ലഭിയ്ക്കാറുണ്ട്. കൃത്യസമയത്ത് അപേക്ഷ സമർപ്പിക്കാത്തതോ, അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഹാജരാക്കാത്തതോ ആയ വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം ലഭിയ്ക്കുവാൻ താമസം നേരിടുന്നത്. |
| (ബി) | മെഡിക്കൽ-എഞ്ചിനീയറിംഗ് കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായത്തിനായി മഞ്ചേരി മണ്ഡലത്തിലെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അപേക്ഷകരുടെ വിശദാംശം നൽകുമോ; അതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) & (സി) | പ്രാരംഭ ചെലവ് ധനസഹായത്തിനായി 2018-19 വർഷം മഞ്ചേരി ഗവ.മെഡിക്കൽ കോളേജിൽ പഠിയ്ക്കുന്ന ആരതി സജി, അശ്വതി.എ.പി എന്നീ രണ്ട് വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കുകയും ആനുകൂല്യം അനുവദിയ്ക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽനിന്നും 2018-19 അദ്ധ്യയന വർഷം അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. |
| (സി) | മഞ്ചേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന എത്ര വിദ്യാർത്ഥികളാണ് **2018-19** വർഷം പ്രസ്തുത സഹായങ്ങൾ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**